7

# അവകാശം ഉറപ്പാക്കി

## (1:11-14)

സംഭവിക്കുവാൻ പോകുന്ന ഒന്നിനെ കുറിച്ചു ഓർത്തു ആവേശഭരിത മായി കിടന്നിട്ട് ഉറക്കം വരാതിരിക്കുന്ന ബാലനെ പോലെയാണ് നിങ്ങൾ എന്ന് ഒരു പക്ഷേ നിങ്ങളും ചിന്തിച്ചേക്കാം.

ഫിനെയാസിനു ഉറങ്ങുവാൻ കഴിഞ്ഞില്ല. സൂര്യൻ ഉദിക്കുന്നതിനു മുൻപു തന്നെ അവൻ എഴുന്നേറ്റു. അവൻ തന്റെ ബാഗിൽ വേണ്ടതെല്ലാം എടുത്തുവെച്ചു, ദിവസം ആരംഭിക്കുവാനുള്ള ഒരുക്കത്തോടെ, അവൻ പടി കൾ ഇറങ്ങി. ആ വർഷം 1820 ആയിരുന്നു. തന്റേതായ ഒരു ദ്വീപ് കാണു വാൻ - അവസാനം ഫിനെയാസ് പോകുകയായിരുന്നു.

തന്റെ വെല്ല്യപ്പനിൽ നിന്നു ദാനമായി കിട്ടിയതായിരുന്നു ആ ദ്വീപ്. ആദ്യ മായി ജനിച്ചതുകൊണ്ട്, ഫിനെയാസിനു കണ്ണെക്ടിക്കട്ടിലെ ഐവി ഐ ലന്റ് എന്ന ദ്വീപിന്റെ പ്രമാണം ആയിരുന്നു അവന്റെ പേരിൽ കൊടുത്തിരു ന്നത്. ചെറുപ്പത്തിൽ തന്നെ ആ ദ്വീപിനെ കുറിച്ചു മാതാപിതാക്കൾ അവ നോടു പറഞ്ഞിരുന്നു. അവൻ അവിടെ ചെന്നു വലിയ ധനവാൻ ആകു മ്പോൾ തങ്ങളെ മറക്കരുതെന്ന് തമാശയായി അവർ പറഞ്ഞിരുന്നു. ഫിനെ യാസ് ആ ദ്വീപിനെ കുറിച്ചും അവിടെ പോയി അതു കാണുന്നതിനെ കുറിച്ചും സ്വപ്നം കണ്ടാണ് വളർന്നത്. അവനു അവന്റേതായ ഒരു വസ്തുവുണ്ടാകും, അവിടെ ഒരു നല്ല വീടു പണിയാം, ഒരു കൃഷിത്തോട്ടം ഉണ്ടാക്കാം, കന്നുകാലികളെയും വളർത്താം.

നിങ്ങൾ ഒരു ദ്വീപു സ്വന്തമാക്കിയാൽ, അതു പോയി കാണുവാൻ ആഗ്ര ഹിക്കുകയില്ലേ? തീർച്ചയായും, അങ്ങനെ ഫിനെയാസ് തന്നെ അവിടേക്കു കൊണ്ടു പോകണമെന്നു മാതാപിതാക്കളോടു അപേക്ഷിച്ചു. അവസാനം, അവന്റെ അപ്പൻ സമ്മതിച്ചു. 1820-ലെ വേനൽക്കാലത്ത്, അപ്പനും മകനും ഫിനെയാസിന്റെ സ്വന്തം ദ്വീപു കാണുവാനായി യാത്ര തിരിച്ചു. യാത്ര തിരിച്ചു കുറെ കഴിഞ്ഞപ്പോൾ തുടങ്ങി, ഫിനെയാസ്, “അടുത്തോ? അടുത്ത കുന്നിൻ മുകളിൽ നിന്നു നമുക്ക് അതു കാണുവാൻ പറ്റുമോ?” എന്നിങ്ങനെ തുടർച്ച യായി ചോദിച്ചുകൊണ്ടിരുന്നു. ഉടനെ അവിടെ എത്തും എന്നു അപ്പൻ പറ ഞ്ഞുകൊണ്ടേയിരുന്നു.

അവസാനം, അവന്റെ അപ്പൻ മരങ്ങൾ തിങ്ങിയ ഒരു സ്ഥലം കാണിച്ചു പറഞ്ഞു, “ആ മരങ്ങളുടെ അപ്പുറത്താണ് അത് സ്ഥിതി ചെയ്യുന്നത്.” ഫിനെ യാസ് വണ്ടിയിൽ നിന്നു ചാടിയിറങ്ങി മരക്കൂട്ടത്തിനടുത്തേക്ക് ഓടി. മടി കൂടാതെ അവൻ ആ മരങ്ങൾക്കുള്ളിലൂടെ തന്റെ ദ്വീപു കാണുവാൻ ഓടി. ക്രമേണ ഒന്നുമില്ലാത്ത തുറസ്സായ ഒരു സ്ഥലത്തെത്തി. അവസാനം അവനു തന്റെ ഐവി ദ്വീപു കാണുവാൻ കഴിഞ്ഞു.

ഫിനെയാസ് അതു കണ്ടു ഞെട്ടിപോയി. അവന്റെ ഐവി ദ്വീപു എന്നതു

അഞ്ചേക്കറോളം വരുന്ന ഉപദ്രവകാരികളായ പാമ്പുകൾ ഉള്ള ചതുപ്പു നിലമായിരുന്നു. വർഷങ്ങളോളം അവൻ കേട്ടിരുന്നത് കണ്ണെക്ടിക്കട്ടിലെ ഏറ്റവും നല്ല തിരഞ്ഞെടുക്കാൻ പറ്റുന്ന സ്ഥലമെന്നാണ്, പക്ഷെ അതു വിലയില്ലാത്തതായിരുന്നു. അത് ഒരു തമാശയായിരുന്നു – ഒരു ക്രൂരമായ തട്ടിപ്പ് ആയിരുന്നു. ഫിനെയാസ് തിരിഞ്ഞു തന്റെ അപ്പനെ നോക്കി, അദ്ദേഹം പൊട്ടിച്ചിരിക്കുകയായിരുന്നു.

ഫിനെയാസ് ചിരിച്ചില്ല. അവൻ ആ വികാരം ഒരിക്കലും മറന്നില്ല. ഒരു നഷ്ടബോധത്തിന്റെ തോന്നൽ തങ്ങിനിന്നു. താൻ വഞ്ചിക്കപ്പെട്ടതുകൊണ്ട് അവനു അനുഭവപ്പെട്ട ശൂന്യതയിൽ നിന്നു അവൻ ഒരിക്കലും മുക്തിനേടിയില്ല. വാസ്തവത്തിൽ, ആളുകളെ വഞ്ചിക്കുന്ന വ്യാപാരം നടത്തുവനായി ഫിനെയാസ് വളർന്നു.

നിങ്ങൾക്ക് ഒരുപക്ഷെ ഫിനെയൊസ് എന്ന കുട്ടിയെ പി.റ്റി. ആയി അറിയാമായിരിക്കും – അയാളെ ഒരു വസ്തു ഉടമസ്ഥനായിട്ടല്ല, രക്ഷാധികാരിയായിട്ടായിരിക്കും നിങ്ങൾ മനസ്സിലാക്കിയിരിക്കുക. “ഓരോ നിമിഷത്തിലും ഓരോ കബളിപ്പിക്കപ്പെടുന്നവൻ ജനിക്കുന്നു,” എന്ന പഴഞ്ചൊല്ല് അവൻ അന്വർത്ഥമാക്കി ആ പ്രസ്താവന എത്ര വാസ്തവമാണെന്നു അവന്റെ ജീവിതം തെളിയിച്ചു. ഫിനെയാസ് ബാർനം & ബെയിലി സർക്കസ് ഫെയിമിലെ പി.റ്റി. ബർനം ആയി.[1]

തന്റെ അവകാശത്തെ കുറിച്ചു ഒരു യുവാവു സ്വപ്നം കണ്ടിരുന്നിട്ട്, അവകാശമേ ഇല്ല എന്നു അയാൾ കണ്ടെത്തിയാൽ നിങ്ങൾക്ക് അയാളോടു വിഷമം തോന്നുകയില്ലേ? അതുപോലെയുള്ള നഷ്ടം നിങ്ങൾക്കും സംഭവിച്ചിരിക്കുവാനിടയുള്ളതുകൊണ്ട് ആ ചെറുപ്പക്കാരന്റെ വികാരം നിങ്ങൾക്കു മനസ്സിലാകും. നിങ്ങൾക്കു വാഗ്ദാനം ചെയ്തതു ദ്വീപായിരിക്കയില്ല, മറ്റെന്തെങ്കിലും ആയിരിക്കാം. നിങ്ങൾ സ്വപ്നം കണ്ടത് സംഭവിക്കാതെ പോയി.

നിങ്ങൾ ഒരു പക്ഷെ വിവാഹ ഉടമ്പടി നടത്തിയ ആൾ പിന്നീടു നിങ്ങളെ വിട്ടു പോയ മുറിവു നിങ്ങളുടെ ഹൃദയത്തിൽ മായാതെ കിടപ്പുണ്ടാകാം. ഒരുപക്ഷെ നിങ്ങളുടെ ജീവിതത്തിന്റെ നല്ലൊരു ഭാഗം നിങ്ങൾ ഒരു കമ്പനിക്കുവേണ്ടി അദ്ധ്വാനിച്ചു. കമ്പനിക്കു നിങ്ങളോടുള്ള സമർപ്പണത്തിൽ നിങ്ങൾ ആശ്രയിച്ചിരുന്നു. നിങ്ങൾ നല്ലൊരു പെൻഷൻ പറ്റി പിരിയുവാൻ കാത്തിരിക്കയായിരുന്നു, പക്ഷെ നിങ്ങളുടെ ജോലി നഷ്ടമായി – അല്ലെങ്കിൽ ഒരുപക്ഷെ നിങ്ങൾ പെൻഷൻ ആകുന്നതിനു മുൻപു കമ്പനി നഷ്ടത്തിലായി എന്നും വന്നേക്കാം.

വാഗ്ദാന ലംഘനങ്ങളും ചിതറിപോയ സ്വപ്നങ്ങളും ഉള്ള ലോകത്തിലാണ് നാം ജീവിക്കുന്നത്. നാം വിചാരിക്കുന്നതുപോലെ ഭാവികാര്യങ്ങൾ നടക്കാത്ത ഒരു ലോകമാണിത്. നമ്മെ നിരാശപ്പെടുത്തുന്ന “ദ്വീപുകൾ” ആണ് ഈ ലോകം നമുക്കു വാഗ്ദാനം ചെയ്യുന്നത്.

ദൈവത്തിന്റെ വാഗ്ദാനങ്ങൾ വ്യത്യസ്തമാണ്. താൻ പാലിക്കാത്ത വാഗ്ദാനം ദൈവം നല്കുകയില്ല. അവന്റെ വാഗ്ദാനങ്ങൾ സംഭവിക്കാതിരിക്കയില്ല. ദൈവത്തെ കുറിച്ചു എബ്രായർ 10:23 പറയുന്നു: “വാഗ്ദത്തം ചെയ്തവൻ വിശ്വസ്തൻ അത്രേ.” ദൈവത്തിന്റെ വാഗ്ദാനത്തിൽ നമുക്ക് ആശ്രയിക്കാം. ദൈവം വിശ്വസ്തൻ ആയിരിക്കുന്നതു മാത്രമല്ല, വാഗ്ദത്തം ചെയ്തതു നിവർത്തിപ്പാൻ അവൻ ശക്തനുമാണ് (റോമർ 4:21).

ക്രിസ്തുവിൽ എല്ലാ ആത്മിയാനുഗ്രഹത്താലും ദൈവം നമ്മെ അനു

ഗ്രഹിച്ചിരിക്കുന്നു എന്നു 1:3–14 വരെ നാം വായിക്കുന്നു. അതാണ് നമുക്കുള്ള ദൈവവാഗ്ദാനം, ആ വാഗ്ദാനങ്ങളിൽ അധികവും നിറവേറിയും കഴിഞ്ഞു.

അവൻ നമ്മെ അവന്റെ തിരഞ്ഞെടുത്ത ജനമാക്കി തീർത്തു (1:4) അവന്റെ മക്കളാക്കി ദത്തെടുക്കയും ചെയ്തു (1:5). യേശുവിന്റെ രക്തം മുഖാന്തരം നമ്മെ വീണ്ടെടുക്കുകയും (1:7) നമുക്കു പാപമോചനം നല്കുകയും ചെയ്തു (1:7). അവന്റെ കൃപാധനം ധാരാളമായി നമുക്ക് നല്കി (1:7, 8). അവന്റെ ഇഷ്ടത്തിന്റെ മർമ്മം നമുക്ക് അറിയായ് വരികയും (1:9), പരിശുദ്ധാത്മാവിനാൽ നമ്മെ മുദ്രയിടുകയും ചെയ്തു (1:13).

നാം നമ്മുടെ അവകാശത്തിലേക്കു വരുമ്പോൾ ക്രിസ്തുവിൽ നാം വഞ്ചിക്കപ്പെടുകയില്ല എന്നു ദൈവം ഉറപ്പാക്കിയിട്ടുണ്ട്. പരിശുദ്ധാത്മാവിനെ "തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി, തന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കായിട്ടു, നമ്മുടെ അവകാശത്തിന്റെ അച്ചാരമായി തന്നിരിക്കുന്നു" (1:14).

*ദൈവത്തിനു എന്നേക്കും മഹത്വം കൊടുക്കേണ്ടതിനു അവിശ്വസനീയമായ ഉറപ്പാണ് ദൈവം തന്റെ ജനത്തിനു നല്കിയിരിക്കുന്നത്.*

## ക്രിസ്തുവിൽ ആകുമ്പോൾ നമ്മുടെ അവകാശത്തിന്റെ പശ്ചാത്തലം വിവരിക്കുന്നു

ക്രിസ്തുവിൽ ആകുന്നതിന്റെ പ്രാധാന്യം പൗലൊസ് പറഞ്ഞതു ശ്രദ്ധിക്കുക. യെഹൂദ ക്രിസ്ത്യാനികളെ "അവനിൽ" തിരഞ്ഞെടുത്തു (1:10, 11). "ക്രിസ്തുവിൽ" ആദ്യം പ്രത്യാശ ലഭിച്ചത് അവർക്ക് ആയിരുന്നു (1:12). ജാതികളും സുവിശേഷം കേട്ടു വിശ്വസിക്കയും അനുസരിക്കയും ചെയ്തപ്പോൾ അവരെയും ക്രിസ്തുവിൽ ഉൾപ്പെടുത്തി (1:13). അവരെയും "വാഗ്ദത്തത്തിന്റെ അച്ചാരമായ, പരിശുദ്ധാത്മാവെന്ന മുദ്രയിടുകയും ചെയ്തു" (1:13, 14).

1:11–14–ൽ, ക്രിസ്തുവിൽ ആയി തീരുന്നതിന്റെ പ്രാധാന്യം ഊന്നിയിരിക്കയാണ് പൗലൊസ്. വാസ്തവത്തിൽ, തൊട്ടടുത്ത സന്ദർഭമായ 1:3–14–ൽ ചില രൂപത്തിൽ "ക്രിസ്തുവിൽ"[2] എന്ന പ്രയോഗം ഒമ്പതു പ്രാവശ്യം വരുന്നുണ്ട്. ക്രിസ്തുവിൽ ആയി തീരുമ്പോൾ അതു എല്ലാ വ്യത്യാസവും വരുത്തും. അതു നമ്മുടെ അവകാശത്തിന്റെ അടിസ്ഥാനമാണ്.

നാം നിർത്തി ഒരു പ്രധാനപ്പെട്ട ചോദ്യം ചോദിക്കുന്നതു നന്നായിരിക്കും: ഒരാൾ എങ്ങനെ ക്രിസ്തുവിൽ ആകുകയും വാഗ്ദാനം ചെയ്ത അവകാശം ലഭിക്കുകയും ചെയ്യും?

നിങ്ങളുടെ ബൈബിളിലെ 1:3–14 ന്റെ വശത്തു, ഈ വാക്യം കുറിച്ചു വെക്കാവുന്നതാണ്:

> അല്ല യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ, അവനോടു കൂടെ കുഴിച്ചിടപ്പെട്ടു ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ (റോമർ 6:3, 4).

സ്നാനത്തിൽ നാം കാൽവരിയിലേക്കു യാത്ര ചെയ്യുകയാണ്. സ്നാനത്തിൽ നാം ക്രൂശിലെ ക്രിസ്തുവിനോടു ചേരുകയും അവനോടുകൂടെ കുഴിച്ചിടപ്പെടുവാൻ സ്നാനം ഏല്ക്കയും ചെയ്യുന്നു. ക്രൂശിൽ ക്രിസ്തു "അതു നിവൃത്തിയായി," എന്നു പറഞ്ഞതുപോലെ, സ്നാനത്താൽ നമ്മുടെ പഴയ ജീവിതം കഴിഞ്ഞുപോയി. സ്നാനത്തിൽ നാം കല്ലറയിലെ യേശുവിനോടു ചേരുന്നു. സ്നാനത്തിൽ അവനോടുകൂടെ പുതിയ ജീവനായി നാം ഉയിർത്തെഴുന്നേല്ക്കുന്നു.

വിശ്വാസത്താൽ നാം ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കുന്നു. അങ്ങനെയാണ് നാം "ക്രിസ്തുവിൽ" ആകുന്നത്. അങ്ങനെയാണ് നമുക്ക് അവകാശം ഉൾപ്പെടെയുള്ള, എല്ലാ ആത്മിയാനുഗ്രഹങ്ങളും ലഭിക്കുന്നത്.

രണ്ടു സത്യങ്ങൾ ഈ അവസരത്തിൽ നിങ്ങൾ ഓർമ്മിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഒന്ന്, ക്രിസ്തുവിനു പുറത്തു, നിത്യമായി നിങ്ങൾക്കു ലഭിക്കുന്നതു ശിക്ഷാവിധി മാത്രമാണ്. യേശു വീണ്ടും വരുമ്പോൾ, അവൻ "ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കും. അവർ നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കയും ചെയ്യും, ..." (2 തെസലൊനിക്യർ 1:8, 9). രണ്ട്, ക്രിസ്തുവിൽ ആണ്, അവകാശവും നിത്യജീവനും ഉൾപ്പെടെയുള്ള, എല്ലാ ആത്മിയാനുഗ്രഹങ്ങളും ഉള്ളത്. ക്രിസ്തുവിൽ ആകുന്നവർക്കാണ് അടിസ്ഥാനമായ നമ്മുടെ അവകാശം വെച്ചിരിക്കുന്നത്.

### ആത്മാവു ലഭിക്കുമ്പോൾ നമ്മുടെ അവകാശം ഉറപ്പാക്കുന്നു

"അവനിൽ, നിങ്ങൾക്കും, നിങ്ങളുടെ രക്ഷയെ കുറിച്ചുള്ള, സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും - അവനിൽ വിശ്വസിക്കയും ചെയ്തിട്ടു, തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കായിട്ടു *നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു*" (1:13, 14; എംഫസിസ് മൈൻ). ഇതു പരിശുദ്ധാത്മാവിനെ കുറിച്ചു എന്തു പറയുന്നു?

ആദ്യം, *ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിലെ മുദ്രയാണ് പരിശുദ്ധാത്മാവു.* പ്രമാണങ്ങൾ സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മുദ്ര നമുക്കു പരിചയമുണ്ട്. നോട്ടറിയായി സേവനം നടത്തുന്ന വ്യക്തി ഒപ്പിട്ടു മുദ്രയടിച്ചു കൊടുത്താൽ ആ രേഖ ആധികാരികമാകുന്നു. ജോൺമാക് ആർദർ പറഞ്ഞു,

> പൗലൊസ് പറഞ്ഞ മുദ്ര സൂചിപ്പിക്കുന്നത് ഒരു ലേഖനത്തിലോ, ഉടമ്പടിയിലോ, അല്ലെങ്കിൽ പ്രധാനപ്പെട്ട രേഖകളിലോ ഔദ്യോഗിക അടയാളം തിരിച്ചറിയിക്കുന്നതാണ്. സാധാരണ മുദ്ര ഉണ്ടാക്കുന്നത് ചൂടുള്ള മെഴുകു കൊണ്ടാണ്, പിന്നെ രേഖയുടെ പുറത്ത് മുദ്ര മോതിരം അടയാളമായി പതിപ്പിക്കും.[3]

പ്രാചീനകാലത്തെ മുദ്രകൾ താഴെ കൊടുത്തിരിക്കുന്ന ഒന്നോ അതിലധികമോ കാര്യങ്ങളുമായി ബന്ധമുള്ളതായിരുന്നു:

1. *ഉടമസ്ഥാവകാശം*. മൃഗങ്ങൾക്ക് അല്ലെങ്കിൽ അടിമകൾക്ക് അടയാളമായി മുദ്രയിടാറുണ്ട്. അതു ഒരു പുസ്തകത്തിൽ മുദ്രയടിച്ചു ഉടമസ്ഥാവകാശം ഉറപ്പിക്കുന്നതുപോലെയാണ്. ഒരു ക്രിസ്ത്യാനിയിൽ പരിശുദ്ധാത്മാവു വസിക്കുവാൻ വരുന്നതു സൂചിപ്പിക്കുന്നത് അവൻ അല്ലെങ്കിൽ അവൾ ഇപ്പോൾ മുതൽ ദൈവത്തിന്റെ സ്വന്തജനമാണെന്നാണ്.

2. *സംരക്ഷണം*. ഉദ്യോഗസ്ഥൻ ഒരു വസ്തുവിന്മേൽ മുദ്രയടിച്ചാൽ ആ വസ്തു മുദ്ര പ്രതിനിധീകരിക്കുന്ന വ്യക്തികളുടെ അധികാരത്താലും ശക്തിയാലും സംരക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന മുന്നറിയിപ്പാണ് ആളുകൾക്ക് അതു നല്കുന്നത്. യേശുവിന്റെ കല്ലറ പിലാത്തൊസ് മുദ്ര വെച്ചിരുന്നു (മത്തായി 27:62–66). ആ കല്ലു ആളുകൾ മാറ്റരുത് എന്ന മുന്നറിയിപ്പായിരുന്നു അവന്റെ ആ മുദ്ര. പിലാത്തൊസിന്റെ സ്ഥാനവും ശക്തിയും മുന്നറിയിക്കുന്നതായിരുന്നു ആ മുദ്ര. ഒരു ക്രിസ്ത്യാനിയിലുള്ള പരിശുദ്ധാത്മാവു സകല ദുഷ്ട ശക്തികളോടും സാത്താനോടും ഈ വ്യക്തി ദൈവത്താൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന് മുന്നറിയിക്കുന്നു.

3. *ആധികാരികത*. മുദ്ര ചെയ്യപ്പെട്ടിരിക്കുന്നതിന്റെ പരിശുദ്ധിയെയാണ് അതു ഉറപ്പിക്കുന്നത്. ഒരു ക്രിസ്ത്യാനി ദൈവത്തിന്റെ വാസ്തവത്തിലുള്ള മകൻ അല്ലെങ്കിൽ മകളാണെന്നും, അവകാശത്തിനു അർഹതയുള്ള വ്യക്തിയാണെന്നും പരിശുദ്ധാത്മാവു ഉറപ്പിക്കുകയാണ്.

നിങ്ങൾ ക്രിസ്തുവിൽ ആണെങ്കിൽ, നിങ്ങളെ പരിശുദ്ധാത്മാവു കൊണ്ടു മുദ്രയിട്ടിരിക്കും. അതു നിസ്സാര കാര്യമല്ല. നാം ദൈവത്തിന്റെ സ്വന്തമെന്നു പരിശുദ്ധാത്മാവു ഉറപ്പിക്കയും, ദൈവം തന്റെ ശക്തിയാൽ സംരക്ഷിച്ചു, അവന്റെ വാസ്തവത്തിലുള്ള അവകാശത്തിനു നാം ഓഹരിക്കാരാകുകയും ചെയ്യുന്നു.

ജനന സർട്ടിഫിക്കറ്റ് സുപ്രധാന രേഖയാണ്, അല്ലേ? നമുക്ക് കോളേജിൽ അഡ്മിഷനുവേണ്ടി അല്ലെങ്കിൽ ഒരു ജോലിക്കുവേണ്ടി അല്ലെങ്കിൽ വിവാഹ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ അല്ലെങ്കിൽ ഡ്രൈവിങ്ങ് ലൈസൻസിന് വേണ്ടി എല്ലാം അത് ആവശ്യമാണ്. ഈ ലോകം അവസാനിച്ചു നാമെല്ലാവരും ദൈവത്തിന്റെ ന്യായവിസ്താരത്തിനു മുമ്പിൽ പ്രത്യക്ഷപ്പെടുമ്പോൾ, തിരിച്ചറിയേണ്ടതിനു അവൻ നമ്മോടു ജനനസർട്ടിഫിക്കറ്റോ മറ്റു രേഖകളോ ആവശ്യപ്പെടുകയില്ല. ദൈവം നോക്കുന്നതു മുദ്രയാണ് – പരിശുദ്ധാത്മാവിന്റെ മുദ്ര. പരിശുദ്ധാത്മാവു ദൈവത്തിൽ നിന്നു മാത്രം വരുന്ന പ്രത്യേക മുദ്രയും അതു ക്രിസ്തുവിൽ ആയവർക്ക് മാത്രം ലഭിക്കുന്നതുമാണ്.

രണ്ടാമതു, *നമ്മുടെ അവകാശം ഉറപ്പിക്കുന്ന നിക്ഷേപമാണ് പരിശുദ്ധാത്മാവു.* പരിശുദ്ധാത്മാവു ഒരച്ചാരം അഥവാ നിക്ഷേപമായി നല്കുന്നു എന്നു പൗലൊസ് എഴുതിയതിൽ മൂന്നു കാര്യങ്ങൾ സൂചിപ്പിക്കുന്നുണ്ട് (ഗ്രീക്ക്.: *അരാബോൺ*). 1:14-ൽ പരിശുദ്ധാത്മാവിനെ അവകാശത്തെ ഉറപ്പിക്കുന്ന "ഒരു അച്ചാരം" ആയി വിവരിച്ചിരിക്കുന്നു. രണ്ടു കൊരിന്ത്യർ 1:22-ൽ "അവൻ നമ്മെ മുദ്രയിട്ടും ആത്മാവു എന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു" എന്നു സൂചിപ്പിക്കുന്നതിൽ ദൈവം എങ്ങനെ വരുവാനുള്ള ഒന്നിനെ ഉറപ്പിക്കുന്നു എന്നും, പൗലൊസ് വീണ്ടും 2 കൊരിന്ത്യർ 5:5-ൽ പറയുന്നത് ദൈവം "ആത്മാവിനെ ഒരു അച്ചാരമായി നമ്മിൽ തന്നിരിക്കുന്നു" എന്നുമാണ്.

അച്ചാരം അല്ലെങ്കിൽ ഒരു നിക്ഷേപം എന്നു പറഞ്ഞിരിക്കുന്നതു പൗലൊ

സിന്റെ കാലത്ത് സാധാരണ നിലവിലുണ്ടായിരുന്ന ഒന്നാണ്. അതു എന്തെങ്കിലും വാങ്ങുന്നതിന്റെ ഒരു ഭാഗം വിലയാണ്. ശേഷിച്ച പണം ശരിയായ സമയത്തു വന്നുകൊള്ളും എന്നു ഉറപ്പിക്കുന്നതാണ് അത്.

നമ്മുടെ അവകാശത്തിന്റെ മുദ്രയാണ് പരിശുദ്ധാത്മാവു എന്നു പറഞ്ഞാൽ എന്താണ് അർത്ഥം? തന്റെ മക്കൾക്കായി സൂക്ഷിച്ചിരിക്കുന്ന അവിശ്വസനീയമായ അവകാശം നമുക്കു ലഭിക്കുമെന്നു നാം ഉറച്ചു വിശ്വസിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. അതു "നിങ്ങൾക്കു വേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും, ക്ഷയം മാലിന്യം വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശം" ആണ് (1 പത്രൊസ് 1:4).

വരുവാനിരിക്കുന്നതിന്റെ മുൻജ്ഞാനമായിട്ടാണ് ഇപ്പോൾ ക്രിസ്തുവിൽ നമുക്കുള്ളതു എന്നും കാണുവാൻ ദൈവം ആഗ്രഹിക്കുന്നു. നിങ്ങളുടെ പാപങ്ങൾ മോചിച്ചു കിട്ടി എന്നറിഞ്ഞപ്പോൾ നിങ്ങൾക്കുണ്ടായ സന്തോഷം എത്രമാത്രം ആയിരുന്നു എന്നു ചിന്തിക്കുക. മറ്റു ക്രിസ്ത്യാനികളോടൊത്ത് നിങ്ങൾ ദൈവത്തെ ആരാധിക്കുമ്പോൾ ഉണ്ടാകുന്ന അതിശയകരമായ അനുഭവത്തെ ഓർക്കുക. ഈ സമയം വരെ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടായ സ്നേഹം, സന്തോഷം, സമാധാനം, കൂടാതെ നിങ്ങളുടെ ആത്മാവിന്റെ ഫലം എന്നിവയെ കുറിച്ചു ചിന്തിക്കുക. നിങ്ങൾ ഒരു ദൈവമകനായി തീർന്നതു മുതൽ നിങ്ങളുടെ ജീവിതത്തിൽ ദൈവം ചെയ്തതെല്ലാം ഓർക്കുകയും, അതിനെ വീണ്ടും വീണ്ടും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുക. നിങ്ങളുടെ ചിന്തയെ ദൈവം നിങ്ങൾക്കുവേണ്ടി സൂക്ഷിച്ചിരിക്കുന്നതുമായി താരതമ്യം ചെയ്താൽ പോലും നിങ്ങൾ ചിന്തിച്ചതെല്ലാം വളരെ കുറച്ചു മാത്രമെ ആയിട്ടുള്ളൂ എന്നു കാണാം.

ക്രിസ്ത്യാനികൾ ഫിനെയാസ് തന്റെ ദ്വീപിൽ ചെയ്തതുപോലെ അവസാനിപ്പിക്കുന്നില്ല. ജീവിതം ഒരു വൃത്തികെട്ട തമാശയോ വലിയ നിരാശയോ ആയി തീരുകയില്ല. നമുക്ക് ഇപ്പോൾ ക്രിസ്തുവിൽ ഉള്ളത് ഒരു അച്ചാരം മാത്രമാണ്. അത് ദൈവം നമുക്ക് വാഗ്ദാനം ചെയ്തതിന്റെ ഒരു അവിശ്വസനീയമായ എത്തിനോട്ടം മാത്രമേ ആകുന്നുള്ളൂ.

## നമ്മുടെ അവകാശത്തിന്റെ ഉദ്ദേശത്തെ തിരിച്ചറിയിക്കുന്നതാണ് ദൈവത്തെ പുകഴ്ത്തൽ

പരിശുദ്ധാത്മാവിനെ "*തന്റെ മഹത്വത്തിന്റെ പുകഴ്ച്ചക്കായിട്ടു* നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ, പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു" (1:14; എംഫസിസ് മൈൻ). ദൈവത്തെ പുകഴ്ത്തുന്നതാണ് പൗലൊസിന്റെ 1:3-14 വരെയുള്ള വാക്കുകൾ. "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവും ദൈവവുമായവൻ വാഴ്ത്തപ്പെട്ടവൻ" (വാ. 3). വാക്യം 6 ദൈവത്തിന്റെ മഹത്തായ കൃപക്കായി പുകഴ്ത്തുന്നു. വാക്യം 12-ൽ "തന്റെ തേജസിന്റെ പുകഴ്ച്ച" എന്നു പറഞ്ഞിരിക്കുന്നു. വാക്യം 14 പറയുന്നത് വീണ്ടെടുപ്പിന്റെ ഉദ്ദേശം, രക്ഷയുടെ ഉദ്ദേശം, ദൈവം ക്രിസ്തുവിൽ തന്റെ അവകാശത്തിൽ ആക്കുന്നതിന്റെ ഉദ്ദേശം, കൂടാതെ അവർക്കു അവകാശം മുഴുവൻ കൊടുത്തതിന്റെ ഉദ്ദേശവും "തന്റെ തേജസിന്റെ പുകഴ്ച്ചക്കായിട്ടാണ്" എന്നു പറയുന്നു.

ആദിയിൽ ദൈവം പറഞ്ഞു, "നാം നമ്മുടെ സ്വരൂപത്തിൽ, നമ്മുടെ സാദൃശ്യ പ്രകാരം മനുഷ്യനെ ഉണ്ടാക്കാം" (ഉല്പത്തി 1:26). തന്റെ സ്വഭാ

വവും, രൂപവും, മഹത്വവും അവരുടെ ജീവിതത്തിൽ കാണിക്കുന്നവരെയാണ് അവൻ സൃഷ്ടിക്കുവാൻ ആഗ്രഹിച്ചത്. അവനെ സേവിക്കുന്ന, പുകഴ്ത്തുന്ന, അവനെ പോലെ ആകേണ്ടതിനു പരിശ്രമിക്കയും ചെയ്യുന്ന ആളുകളെ അവൻ ആഗ്രഹിക്കുന്നു.

എങ്ങനെയായാലും, ഇടക്ക് പാപം മനുഷ്യരിൽ കടന്നു വരികയും, മനുഷ്യനിലെ ദൈവരൂപം വികൃതമാകുകയും ചെയ്തു. ദൈവത്തിന്റെ മുഴുവൻ പദ്ധതിയും ബൈബിളിലെ മുഴുവൻ സംഭവങ്ങളും ദൈവം ആരംഭത്തിൽ എന്തുദ്ദേശിച്ചുവോ അതിനായി ഉപയോഗിക്കുവാനുള്ളതാണെന്ന് വ്യക്തമാക്കുന്നു. നമ്മെ വീണ്ടെടുത്ത്, രക്ഷിച്ചു, ക്രിസ്തുവിൽ പുനഃസൃഷ്ടി നടത്തി അതവൻ സ്ഥാപിച്ചെടുക്കുകയാണ്.

*ദൈവ രൂപത്തിൽ – നമ്മെ സൃഷ്ടിച്ചത് നമുക്ക്* അവകാശം നല്കേണ്ടതിനാണ്. ഒരു ദിവസം അതു സംഭവിക്കും. "പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു, നാം ഇന്നതു ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ, നാം അവനെ താൻ ഇരിക്കും പോലെ തന്നേ കാണുന്നതാക കൊണ്ടു, അവനോടു സദൃശന്മാർ ആകും, എന്നു നാം അറിയുന്നു" (1 യോഹന്നാൻ 3:2). അതു സംഭവിക്കുമ്പോൾ, നാം അത്യുച്ചത്തിൽ അവനെ വാഴ്ത്തും! നമ്മുടെ അവകാശത്തിന്റെ ലക്ഷ്യത്തെ തിരിച്ചറിയിക്കുന്നതാണ് നാം ദൈവത്തെ പുകഴ്ത്തുന്നത്.

**ഉപസംഹാരം**

നിങ്ങളുടെ സ്വപ്നങ്ങളിൽ ചിലതു ഛിന്നഭിന്നമായിട്ടുണ്ടോ? ആരെങ്കിലും നിങ്ങളുടെ മനസ്സിനെ വേദനിപ്പിച്ചിട്ടുണ്ടോ? നിങ്ങൾ എല്ലായ്പ്പോഴും വേണമെന്ന് ആഗ്രഹിച്ചത് നിങ്ങൾക്ക് നഷ്ടമായിട്ടുണ്ടോ?

ഭാവിയിലുള്ള പ്രത്യാശ നാം വിട്ടുകളയരുത്. ആരും വിശ്വസിക്കാവുന്നതായിട്ടില്ല, യോഗ്യമായിട്ടില്ല, അല്ലെങ്കിൽ ആശ്രയിക്കുവാൻ ആരുമില്ല എന്നു അതു തോന്നിപ്പിക്കാം; എന്നാൽ ദൈവം വിശ്വസ്തനാണ്. അവൻ വിശ്വസ്തനാണെന്ന് നിങ്ങളെ ഓർമ്മിപ്പിക്കട്ടെ.ക്രിസ്തുവിൽ, സർവ്വശക്തനായ ദൈവം അവിശ്വസനീയമായ, നിത്യാവകാശം ഉറപ്പിക്കുന്നു. അതു അവസാനം നിങ്ങൾക്കു കിട്ടുമ്പോൾ ആ മനോഹരമായ അവകാശം കണ്ടു നിങ്ങൾ ദൈവത്തെ പുകഴ്ത്തി നിത്യതക്കായി നന്ദി പ്രകാശിപ്പിക്കും!

---

കുറിപ്പുകൾ

[1]മാക്സ് ലുക്കാഡോ, *ഹി സ്റ്റിൽ മൂവ്സ് സ്റ്റോൺസ്* (ഡള്ളാസ്: വേഡ് പബ്ലിഷിങ്ങ്, 1993), 84–85. [2]നോക്കുക എഡ്ഡി ക്ലോയെർ, അപ്പെന്റിക്സ് 3: "ദ 'ഇൻക്രൈസ്റ്റ്' ഫ്രെയിസ്," *ഗോഡ്സ് ഡിസൈൻ ഫോർ "ദ ചർച്ച്"* (സിയേഴ്സി, ആർക്ക്.: റിസോഴ്സ് പബ്ലിക്കേഷൻസ്, 1993), 211–32. [3]ജോൺ മാക് ആർദർ, ജൂനിയർ., *എഫേഷ്യൻസ്*, ദ മാക് ആർദർ ന്യൂ ടെസ്റ്റമെന്റ് കമെന്ററി (ഷിക്കാഗോ, Ill.: മൂഡി പ്രെസ്, 1986), 34.